**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5654** | **24-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡുകളുടെ ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ തരം റേഷൻ കാർഡുകളുടെ ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് അഞ്ച് തരം റേഷൻ കാർഡുകളാണ് നിലവിൽ ഉള്ളത്.<br><br>അവ-AAY(മഞ്ഞ), PHH(പിങ്ക്), NPS(നീല),NPNS(വെള്ള),NPI-(ബ്രൗൺ)<br><br>എന്നിവയാണ്. ഇതിൽ AAY,PHH എന്നിവ NFSA കാർഡുകളാണ്.<br><br>**AAY കാർഡുകൾക്കുള്ള മാനദണ്ഡങ്ങൾ**<br><br>കേന്ദ്ര സർക്കാർ നിശ്ചയിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് സംസ്ഥാനത്ത് AAY വിഭാഗത്തിലേയ്ക്ക് കുടുംബങ്ങളെ ഉൾപ്പെടുത്തുന്നത്. ദരിദ്രരിൽ ഏറ്റവും ദരിദ്രർ ആയിട്ടുള്ള കുടുംബങ്ങൾക്കാണ് നിലവിൽ AAY കാർഡുകൾ അനുവദിക്കുന്നത്.<br><br>**AAY മാനദണ്ഡം ചുവടെ ചേർക്കുന്നു.**<br><br>(i) വിധവകൾ, ഭിന്നശേഷിയുള്ള വ്യക്തികൾ/ സ്ഥിരവരുമാനമില്ലാത്തവരും<br><br>സാമൂഹിക പിന്തുണയില്ലാത്തതുമായ 60 വയസ്സിന് മേൽ പ്രായമുള്ളവർ/ മാരകരോഗങ്ങൾ ബാധിച്ചവർ തുടങ്ങിയവർ കുടുംബനാഥരായി വരുന്ന കുടുംബങ്ങൾ.<br><br>(ii) ഒറ്റയ്ക്ക് താമസിക്കുന്ന വിധവകൾ, ഭിന്നശേഷിക്കാർ/സാമൂഹികമായും സാമ്പത്തികമായും നിലനിൽപ്പിനായ് സ്ഥിരവരുമാനമില്ലാത്ത കുടുംബമില്ലാത്ത<br><br>60 വയസ്സ് കഴിഞ്ഞവർ<br><br>(iii) അർഹരായ എല്ലാ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കും. |

(iv) HIV ബാധിതർ അംഗങ്ങളായുള്ള മുൻഗണനാ കുടുംബങ്ങൾ.

**PHH കാർഡുകൾക്കുള്ള മാനദണ്ഡം.**

Kerala Food Security Rules-2018 ഖണ്ഡിക (6)-ൽ മുൻഗണനാ ഒഴിവാക്കൽ മാനദണ്ഡങ്ങളും ഖണ്ഡിക (7)ൽ അർഹതാ മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരമാണ് നിലവിൽ സംസ്ഥാനത്ത് മുൻഗണനാ കാർഡുകൾ അനുവദിച്ചുവരുന്നത് . ചുവടെ പരാമർശിച്ചിട്ടുള്ള ഒഴിവാക്കൽ ഘടകങ്ങൾ ഉൾപ്പെട്ടു വരാത്ത കുടുംബങ്ങൾക്കാണ് മുൻഗണനാ കാർഡിന് അർഹതയുള്ളത്.

a) സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ,5,000/-രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ 10,000/- രൂപയിൽ താഴെ സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

b) ആദായ നികുതി ഒടുക്കുന്നവർ,

c) പ്രതിമാസ വരുമാനം 25000/- രൂപയ്ക്ക് മുകളിലുള്ളവർ,

d)സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടിക വർഗ്ഗക്കാർ ഒഴികെ)

e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള ഫ്ളാറ്റോ, വീടോ ഉള്ളവർ.

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ.

**NPS കാർഡുകൾക്കുള്ള മാനദണ്ഡം.**

1)സർക്കാർ, അർദ്ധ സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിയുള്ളവർ.

2)25000 രൂപയിൽ അധികം മാസവരുമാനമുള്ളവർ.

3) ആദായനികുതി അടയ്ക്കുന്നവർ.

| | | | |
|---|---|---|---|
| | | | 4) സർവ്വീസ് പെൻഷണർ.<br><br>5) ഒരു ഏക്കറിലധികം ഭൂമി, 1000 സ്ക്വയർ ഫീറ്റിന് മുകളിൽ വിസ്തൃതിയുള്ള വീട്, നാലുചക്ര വാഹനം എന്നിവയിൽ ഏതെങ്കിലും രണ്ട് ഒഴിവാക്കൽ മാനദണ്ഡങ്ങൾ ഉൾപ്പെട്ടുവരുന്ന കുടുംബങ്ങൾ<br><br>NPS കാർഡുടമകൾക്ക് റേഷൻ വിഹിതം നൽകുന്നതിലൂടെ സർക്കാരിന് സബ്സിഡി ഇനത്തിൽ സാമ്പത്തിക നഷ്ടം ഉളവാകുന്നത് ഒഴിവാക്കുന്നതിനായി NPS വിഭാഗത്തിലേയ്ക്കുള്ള പരിവർത്തനം നിലവിൽ നടത്തുന്നില്ല.<br><br>**NPI- കാർഡുകൾക്കുള്ള മാനദണ്ഡം.**<br><br>റേഷൻ പെർമിറ്റ് ഇല്ലാത്ത ക്ഷേമ സ്ഥാപനങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ, എന്നിവിടങ്ങളിലെ അന്തേവാസികൾക്കാണ് ആധാർ അടിസ്ഥാനത്തിൽ നിലവിൽ NPI റേഷൻ കാർഡുകൾ അനുവദിക്കുന്നത്.<br><br>**NPNS കാർഡുകൾക്കുള്ള മാനദണ്ഡം.**<br><br>AAY, PHH, NPS എന്നീ വിഭാഗം കാർഡുകൾക്ക് അർഹത ഇല്ലാത്ത കുടുംബങ്ങൾക്കാണ് NPNS കാർഡ് അനുവദിക്കുന്നത് . |
| (ബി) | ഏതെങ്കിലും കാർഡിന് ഏതെങ്കിലും സാഹചര്യത്തിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകാറുണ്ടോ; വ്യക്തമാക്കാമോ? | (ബി) | NFSA കാർഡുകൾക്കുള്ള (AAY,PHH) റേഷൻ വിഹിതം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരവും NON NFSA കാർഡുകൾക്ക് (NPS/NPNS/NPI) സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരവുമാണ് നിലവിൽ റേഷൻ വിതരണം നടത്തുന്നത് .<br><br>മേൽ പ്രകാരമുള്ള റേഷൻ വിഹിതത്തിന് പുറമേ കോവിഡ് 19 മഹാമാരി കാലത്ത് എല്ലാ വിഭാഗം റേഷൻ കാർഡുകൾക്കും സംസ്ഥാന സർക്കാർ സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഓണക്കാലത്ത് AAY വിഭാഗം റേഷൻ കാർഡുകൾക്ക് സംസ്ഥാന സർക്കാർ സൗജന്യ ഭക്ഷ്യകിറ്റുകൾ (ഓണ കിറ്റുകൾ) വിതരണം ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ